DESPATCHED 6/3/23


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

**Tel: 0471- 2561631, 2561615, Fax: 0471-2330920**
**Email:- sic.ker@nic.in**


## <u>ഹർജി നമ്പർ AP.No.1913(5)/2021/SIC</u>

## <u>തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം</u>

## <u>File No. 15131/SIC-G7/2021</u>

<u>സന്നിഹിത</u>

<u>**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**</u>

**ഉത്തരവ് തീയതി :. 12.2022**

**ശ്രീ. എഡ്മണ്ട് അഗസ്റ്റിൻ,**
**കൗന്ദിന്യ, സി.ആർ.ആർ.എ–70, റ്റി.സി.82/4012(1),**
**ചിറക്കുളം റോഡ്, തിരുവനന്തപുരം – 695 001.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ,**
   **തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,**
   **തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 29.09.2021 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 10.11.2021 |
| ഒന്നാം അപ്പീൽ | 01.11.2021 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.11.2021 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 20.11.2021 |
| ഹിയറിംഗ് തീയതി, | 24.08.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## <u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, കോർപ്പറേഷനിലെ ആസ്തി രജിസ്റ്ററുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ യാതൊരുവിധ മറുപടിയും ലഭ്യമാക്കിയില്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. പ്രസ്തുത അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

2. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ സമയബന്ധിതമായി മറുപടി ലഭ്യമാക്കിയതായി കമ്മീഷൻ കാണുന്നില്ല. മാത്രമല്ല കമ്മീഷൻ മുമ്പാകെ നടന്ന ഹിയറിംഗിൽ എസ്.പി.ഐ.ഒ. ഹാജരായെങ്കിലും ഫയലുമായി ബന്ധപ്പെട്ട വ്യക്തമായ മൊഴി നൽകുവാനോ മറുപടി നൽകുവാനോ എസ്.പി.ഐ.ഒ. യ്ക്ക് കഴിഞ്ഞിട്ടില്ല. വിവരാവകാശ നിയമത്തിലെ 4-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന പൊതു അധികാരസ്ഥാനങ്ങളുടെ കടമകളും നടപടികളും കോർപ്പറേഷന് ബാധകമല്ലാ എന്ന രീതിയിലാണ് എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്. വിവരാവകാശ നിയമപ്രകാരം സമയബന്ധിതമായി കൃത്യവും വ്യക്തവുമായ മറുപടി നൽകാതിരുന്നത് എസ്.പി.ഐ.ഒ.യുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

3. ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കമ്മീഷൻ ഹിയറിംഗ് സമയത്ത് എതിർകക്ഷിയ്ക്ക് വാക്കാൽ ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 31.08.2022 തീയതിയായി ആവശ്യപ്പെട്ടിരുന്ന വിവരം ലഭ്യമാക്കിയതായി കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

Jn